രൂപീകരിക്കുന്നതിന് പ്രധാനപ്പെട്ട ഘടകങ്ങളായി സ്വീകരിക്കുന്നത്. ഒരു താലൂക്ക് രൂപീകരിക്കണമെങ്കിൽ 600 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 4.5 മുതൽ അഞ്ചു ലക്ഷം വരെ ജനസംഖ്യയും വേണം. എന്നാൽ പൊതുവെയുള്ള ധാരണ അതിൽ നിന്നും വ്യത്യസ്തമാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് തീർച്ചയായും താലൂക്ക് രൂപീകരണം, വില്ലേജ് പുന:സംവിധാനം, ഡിവിഷൻ പുന:സംവിധാനം എന്നിവ ഉണ്ടാകണമെന്നു തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി മാറിമാറി വന്ന ഓരോ ഗവൺമെന്റും ഈ ആവശ്യം അംഗീകരിച്ച് നടപ്പിലാക്കുമെന്ന് പറഞ്ഞെങ്കിലും എന്തുകൊണ്ടോ ആ കാലത്തൊന്നും സാധിച്ചിട്ടില്ല. അതുകൊണ്ടാണ് ഗവൺമെന്റ് രണ്ട് റിപ്പോർട്ടുകൾ വരുത്തുകയും പരിശോധനക്ക് വിധേയമാക്കുകയും ചെയ്തത്. റിപ്പോർട്ടുകളൊക്കെ അതാതു കാലത്തെ പല സ്വാധീനങ്ങൾക്കും വശംവദമായവയായതിനാലും പ്രതികൂലമായ പ്രതിഫലനങ്ങൾ ഉണ്ടാക്കാവുന്നവയായതിനാലും അതേപടി സ്വീകരിക്കുന്നില്ല. എന്നാൽ ബഹുജനങ്ങളുടെ വികാരങ്ങളും പ്രാദേശികമായിട്ടുള്ള സാഹചര്യങ്ങളും കണക്കിലെടുത്തുക്കൊണ്ട്, റവന്യൂ പുന:സംവിധാനം പൂർത്തിയാകുന്ന മുറയ്ക്ക് താലൂക്ക് പുന:സംവിധാനവും നിർവഹിക്കുമെന്നുതന്നെയാണ് ഗവൺമെന്റിന്റെ വ്യക്തമായ അഭിപ്രായം. ഇപ്പോൾ സാങ്കേതികമായി നമ്മുടെ മുന്നിൽ ഒരു തടസ്സമുണ്ട്. ഇപ്പോൾ സെൻസസ്സിന്റെ വർക്കുകൾ ആരംഭിച്ചു. സെൻസസ്സ് ഡയറക്ടർ ജനറലിന്റെ നിർദ്ദേശമനുസരിച്ച് 2001 മാർച്ച് വരെ ഇപ്പോൾ നിലവിലുള്ള അതിർത്തികളിൽ യാതൊരു മാറ്റവും പാടില്ലയെന്നും കേന്ദ്ര നിർദ്ദേശമുണ്ട്. അതുകൊണ്ട് വില്ലേജ് പുന:സംവിധാനം പോലും ഈ ഇടക്കാലങ്ങളിൽ നിർത്തി വയ്ക്കേണ്ടതായി വന്നു. 2001 മാർച്ചിനു മുമ്പ് ഇതിന്റെ നടപടികൾ മുഴുവൻ പൂർത്തിയാകും. നേരത്തെ പറഞ്ഞ ഘടകങ്ങളെല്ലാം ഒത്തുവരുന്ന അപൂർവ്വം താലൂക്കുകളിൽ ഒന്നാണ് കായംകുളം എന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ പറഞ്ഞ എല്ലാ അനുകൂല ഘടകങ്ങളുമുള്ള പ്രദേശങ്ങളിൽ ഒന്നാണ് പട്ടാമ്പി. അതുകൊണ്ട് താലൂക്ക് രൂപീകരണം ഉണ്ടാകുമ്പോൾ പട്ടാമ്പിയോടൊപ്പം കായംകുളവും ഉണ്ടാകും. അതുപോലെ പരിഗണനാർഹമായ താലൂക്കുകൾ ഏതാണെങ്കിലും അതുംകൂടി ഉൾപ്പെടുത്തുന്നതാണ്.

(5) മലയോര മേഖലയിലെ കൈവശഭൂമിക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച്

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ: സർ, വളരെ നാളത്തെ കാത്തിരിപ്പിനുശേഷമാണ് മലയോര കർഷകർക്ക് പട്ടയം കൊടുക്കാനുള്ള തീരുമാനം ഉണ്ടാകുന്നത്. തികഞ്ഞ നിശ്ചയദാർഢ്യത്തോടു കൂടി സംസ്ഥാന സർക്കാരും പ്രത്യേകിച്ച് റവന്യൂ വകുപ്പുമന്ത്രിയും എടുത്ത നിലപാടാണ് ഇപ്പോഴെങ്കിലും പട്ടയം ലഭിക്കുന്നതിന് ഇടയാക്കിയത്. പട്ടയം നൽകുന്നതിന് സർക്കാർ വച്ചിട്ടുള്ള നിബന്ധനകൾ കർഷകരെ നിരാശപ്പെടുത്തുന്നതാണ്. പട്ടയത്തിന് തറവില നൽകുന്നതോടൊപ്പം ഒരേക്കറിന് 5,000 രൂപ നഷ്ടപരിഹാരം നൽകണമെന്നുള്ള വ്യവസ്ഥയാണ് കർഷകരെ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിലാക്കുന്നത്. മലയോര മെഖലയിൽ വലിയതോതിൽ ഉണ്ടായിട്ടുള്ള കൃഷിനാശവും വിലയിടിവും കർഷകരുടെ നട്ടെല്ല് ഒടിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ഭൂമിയും ഒരേപോലെ പരിഗണിക്കുന്നത് ശരിയല്ല. ഭൂമിയുടെ ആദായം, വിസ്തീർണ്ണം, മൂല്യനം എന്നിവ അനുസരിച്ചാണ് പ്രത്യേക പരിഗണന നൽകേണ്ടത്. ഇപ്പോൾ 25 സെന്റ് വരെയാണ് നഷ്ടപരിഹാരത്തിൽനിന്ന് ഒഴിവാക്കിയിട്ടുള്ളത്. ആദായവും മൂല്യവും ഇല്ലാത്ത ഭൂമി പൂർണ്ണമായും നഷ്ടപരിഹാരത്തിൽ നിന്ന് ഒഴിവാക്കണം. ആദായവും മൂല്യവും ഉള്ള ഭൂമിയാണെങ്കിൽത്തന്നെ രണ്ട് ഏക്കർവരെ നഷ്ടപരിഹാരത്തിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പട്ടയം ക്രയവിക്രയം ചെയ്യാൻ പാടില്ല എന്നുള്ള നിബന്ധനയാണ് കർഷകരെ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിക്കുന്നത്. ഇപ്പോൾ ലഭിക്കുന്ന പട്ടയം ക്രയവിക്രയം ചെയ്യുന്നതിനോ പണയം വയ്ക്കുന്നതിനോ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇതിന് അടിയന്തിരമായ പരിഹാരം ഉണ്ടാകണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കച്ചവട സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവയ്ക്കെല്ലാം പട്ടയം നൽകുകയില്ലെന്നുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. അസൈൻമെന്റ് ആഫീസുകളിൽ ഇപ്പോൾ പട്ടയത്തിനുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടില്ല. മുമ്പ് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പു കല്പിച്ചതിനു ശേഷം മാത്രം പുതിയ അപേക്ഷ സ്വീകരിക്കുകയുള്ളു എന്ന നിലപാടാണ് എടുത്തിട്ടുള്ളത്. പട്ടയത്തിനുള്ള മുഴുവൻ അപേക്ഷകളും സ്വീകരിക്കുമ്പോൾ തന്നെ സമയബന്ധിതമായി പട്ടയം കൊടുത്തു തീർക്കുന്നതിന് കൂടി നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാനുള്ള ഭൂമി വളരെയധികമുണ്ട്, ജണ്ടയിട്ട് തിരിച്ചിട്ടില്ലാത്ത ഭൂമിയും വളരെയേറെയുണ്ട്. ആ ഭൂമി കൂടി അളന്ന് തിട്ടപ്പെടുത്തി പട്ടയം കൊടുക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ): സർ, 1-1--1997-ന് മുൻപുള്ള വനഭൂമിക്ക് പട്ടയം നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ ഈ ഗവൺമെന്റ് ആരംഭിച്ചു. അതിന് ഹൈക്കോടതിയിൽ സ്റ്റേ നിലവിലുള്ളതുകൊണ്ടാണ് കാലതാമസം വന്നത്. നേച്ചർ ലവേഴ്സ് മൂവ്മെന്റ് എന്നു പറയുന്ന ഒരു സംഘടനയാണ് ഹൈക്കോടതിയുടെ നിരോധന ഉത്തരവ് വാങ്ങിയത്. അതിന് 7-10-1999-ലെ കോടതി വിധി പ്രകാരം സർക്കാരിന് അനുകൂലമായ ചില നിബന്ധനകൾക്ക് വിധേയമായിട്ടാണ് അത് ഒത്തുതീർപ്പായത്. വനഭൂമി കൈവശക്കാർക്ക് പട്ടയം നൽകി ക്രമികരിക്കുന്നതിന് കേന്ദ്ര ഫോറസ്റ്റ് കൺസർവേഷൻ ആക്ട് സെക്ഷൻ രണ്ട് പ്രകാരം അംഗീകാരം ലഭിച്ച 28588.159 ഹെക്ടർ ഭൂമിക്കാണ് പട്ടയം നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ചില നിബന്ധനകൾ കോടതി കല്പിച്ചിട്ടുണ്ടായിരുന്നു. വനഭൂമി പട്ടയത്തിനു വേണ്ടി അപേക്ഷിക്കുന്ന കൈവശക്കാർ ഭൂമി കയ്യടക്കിയതിലൂടെ പൊതുസ്വത്തിനും സമൂഹത്തിനും പ്രകൃതിക്കും ഉണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരമായി "പൊലൂട്ടർ പെയ്സ്" പ്രിൻസിപ്പിൾ അനുസരിച്ച് സർക്കാർ നിശ്ചയിക്കുന്ന ഒരു തുക സർക്കാരിന് കൊടുക്കേണ്ടതാണ് എന്ന് കോടതിയുടെ നിബന്ധനകളിൽ പറഞ്ഞിട്ടുണ്ട്. നാശ നഷ്ടങ്ങൾക്ക് കൈവശക്കാർ നൽകേണ്ട നഷ്ട പരിഹാരത്തിന്റെ തോത്, വനം, റവന്യൂ എന്നീ വകുപ്പുകളുമായും,സർക്കാരിനുയുക്തമെന്ന് തോന്നുന്ന മറ്റു ആളുകളുമായും ആലോചിച്ച് നിശ്ചയിക്കേണ്ടതാണെന്നും ഈ കോടതി വിധിയിൽ പറയുന്നുണ്ട്. അതുപ്രകാരം റവന്യൂ, വനം,ധനകാര്യം ഈ വകുപ്പുകളിലെ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയെ ഇവരിൽ നിന്നും നഷ്ട പരിഹാരം ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കാനുള്ള മാർഗ്ഗ നിർദ്ദേശം സമർപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയിരുന്നു. അവരുടെ റിപ്പോർട്ട് കിട്ടി. വനവൽക്കരണത്തിനുള്ള ചെലവും പ്രകൃതിക്കുണ്ടായ നഷ്ടവും കൂടി ഒരേക്കറിനു 7,50,707 രൂപയാണ് അവർ തിട്ടപ്പെടുത്തിയിട്ടുള്ളത്. റവന്യൂ, വനം, ധനകാര്യ വകുപ്പുകളുടെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാർ കൂടി തീരുമാനിച്ച് തയ്യാറാക്കിയ റിപ്പോർട്ടാണ്. ഒരേക്കർ ഭൂമിക്ക് പകരമായി നടത്തുന്ന വനവൽക്കരണത്തിന് മാത്രമായി 12,140 രൂപ ചെലവു വരുമെന്നും കണക്കാക്കിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളുടെയടിസ്ഥാനത്തിൽ കൈവശക്കാരിൽ നിന്നും കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ ഈടാക്കേണ്ട തുക നിശ്ചയിച്ചു കൊണ്ടു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അങ്ങനെ ഉത്തരവ് പുറപ്പെടുവിച്ചതു കൊണ്ടാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ കൂടി വച്ചുകൊണ്ടു കൃഷിക്കാരെ പരമാവധി സഹായിക്കുന്നതിനു വേണ്ടിയുള്ള ഒരു സമീപനം ഞങ്ങൾ ഈ കാര്യത്തിൽ സ്വീകരിച്ചത്. അതുകൊണ്ടു പട്ടികജാതി/പട്ടികവർഗ്ഗക്കാരെ പൂർണ്ണമായും ഇതിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചു. 25 സെന്റിനു താഴെയുള്ളവരെ മുഴുവൻ ഒഴിവാക്കി ബാക്കിയുള്ളവരിൽ നിന്നും ഒരു ചുരുങ്ങിയ സംഖ്യ വാങ്ങാനാണ് ഞങ്ങൾ നിശ്ചയിച്ചത്. അതിന്റെയടിസ്ഥാനത്തിൽ പട്ടയ വിതരണത്തിന്റെ സംസ്ഥാനതല ഉത്ഘാടനം നിർവഹിക്കുന്ന പരിപാടി സംഘടിപ്പിക്കപ്പെട്ടപ്പോൾ പതിനായിരക്കണക്കിന് കൃഷിക്കാർ അതിൽ പങ്കെടുത്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും പി.ജെ.ജോസഫും ജനപ്രതിനിധികളും എല്ലാം ഉണ്ടായിരുന്നു. എല്ലാ വിഭാഗം ജനപ്രതിനിധികളും സംഘടനകളും ആവശ്യപ്പെട്ട ഒരു കാര്യം, തങ്ങളുടേത് ഏറെക്കാലമായി കൈവശമുണ്ടായിരുന്ന ഭൂമിയാണെന്നും അതുപോലെ വിവിധ കാലങ്ങളിൽ ഗവൺമെന്റ് മരം മുറിക്കാൻ അധികാരപ്പെടുത്തി മരം മുറിച്ചതിനുശേഷം മരമില്ലാതെ ഒഴിവായിരുന്ന ഭൂമിയാണ് തങ്ങൾക്ക് അനുവദിച്ചു കിട്ടിയതെന്നും ഈ സാഹചര്യത്തിൽ വനനശീകരണത്തിന്റെ പേരിൽ ഇത്രയേറെ ബാദ്ധ്യത തങ്ങളുടെ പേരിൽ കെട്ടിവയ്ക്കുന്നത് ശരിയല്ലയെന്നും ആണ്. ഇങ്ങനെ ശക്തിയായ അഭിപ്രായം അവിടെയുണ്ടായപ്പോൾ ഞങ്ങൾ അപ്പോൾ തന്നെ ഒന്നിച്ചു ആലോചിച്ചു മുഖ്യമന്ത്രി തന്നെ കൃഷിക്കാരുടെ പൊതുവികാരങ്ങൾ കണക്കിലെടുത്തു കൊണ്ട് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കുമെന്നും ഇപ്പോൾ തീരുമാനിച്ചതിൽ എത്രവരെ കുറവു വരുത്താൻ കഴിയുമെന്നും പരിശോധിച്ച് കഴിയുന്നതും വേഗം ഞങ്ങൾ ഒരു തീരുമാനമെടുക്കുമെന്ന് ആ സമ്മേളനത്തിൽ വച്ചു തന്നെ പ്രഖ്യാപിക്കുകയുമുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ആ പ്രശ്നം ഞങ്ങൾ പരിശോധിച്ചു. അതിന്റെയടിസ്ഥാനത്തിൽ തുകയിൽ ഒരു കുറവുവേണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ ഖണ്ഡിതമായ അഭിപ്രായം. അവിടെ 49624 കൈവശക്കാർ ഉണ്ട് എന്നാണു ഏകദേശമായ കണക്ക്. അതിൽ വ്യത്യാസങ്ങൾ ഉണ്ടാകും. 28588.159 ഹെക്ടറാണ് മൊത്തം ഉള്ളത്. അതിൽ 25 സെന്റിനു താഴെ 10337 പേർ ഏകദേശമുണ്ട്. അതുപോലെ 50 സെന്റു വരെ 6957 പേരും ഒരേക്കർ വരെ 9364 പേരും ഒരേക്കർ മുതൽ രണ്ടേക്കർ വരെ 11047

LIBRARY ARCHIVES Kerala Legislative Assembly

പേരും രണ്ടേക്കറിൽ കൂടുതൽ ഉള്ളവർ 11919 പേരും ഉണ്ട്. ഈ രണ്ടേക്കറിൽ കൂടുതൽ കൈവശമാണ് ഏറ്റവും കൂടുതൽ ഉള്ളത്. 42560 ഏക്കർ വരും. അതിന്റെയടിസ്ഥാനത്തിൽ ഒരു പരിശോധന നടത്തുകയും ഗവൺമെന്റ് കഴിയുന്നതും വേഗം തുക ഇപ്പോൾ നിശ്ചയിക്കപ്പെടുന്നതിൽ നിന്നും കുറച്ചു കൃഷിക്കാർക്ക് ആശ്വാസം നൽകുന്ന ഒരു തീരുമാനം എടുത്തു നടപ്പാക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ഈയാഴ്ച തന്നെ അതിന് ആവശ്യമായ നടപടികൾ പൂർത്തിയാക്കി നടപടികൾ ആരംഭിക്കും. ആറു മാസങ്ങൾക്കുള്ളിൽ ഈ പട്ടയം കൊടുത്തു തീർക്കണം എന്ന നിലയിൽ ആവശ്യമായ മുഴുവൻ സ്റ്റാഫിനേയും അവിടെ പോസ്റ്റു ചെയത് അതിന്റെ ജോലികൾ ആരംഭിച്ചിട്ടുണ്ട്. പിന്നെ, ആവശ്യമില്ലാത്ത ഏറെ പ്രചരണങ്ങൾ അവിടെ നടക്കുന്നുണ്ട്. ഈ ഭൂമി കൈമാറ്റം പാടില്ല, പണയം വയ്ക്കാൻ പാടില്ല, അതുപോലെ തന്നെ കച്ചവട സ്ഥാപനങ്ങൾക്കും ആരാധനാലയങ്ങൾക്കും പട്ടയം ലഭിക്കില്ല എന്നൊക്കെ. അതൊക്കെ ഈ പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിനു വേണ്ടി ഈ ഗവൺമേന്റ് എടുത്ത നടപടികളെ പൊളിക്കുന്നതിനു വേണ്ടി ബോധപൂർവ്വം ചെയ്ത ശ്രമങ്ങളാണ്. അവിടെ 1-1-1977 നു മുമ്പ് കൈവശമുണ്ടായിരുന്ന എല്ലാ ആരാധനാലയങ്ങൾക്കും പട്ടയം കൊടുക്കും. എല്ലാ സ്ഥാപനങ്ങൾക്കും പട്ടയം കൊടുക്കും. എല്ലാവിധ സൗകര്യങ്ങളോടു കൂടി പട്ടയം നൽകുന്നതിന് ആവശ്യമായ നിയമഭേദഗതികളും ഞങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഇതൊക്കെ മുമ്പ് ഉണ്ടാക്കിയിട്ടുള്ള ചില കുരുക്കുകളായിരുന്നു. ആരാണെന്നൊന്നും ഞാൻ പറയുന്നില്ല. ഇതൊന്നും കൊടുക്കാൻ പാടില്ല എന്ന ചില നിബന്ധകൾ ഇതിനു മുമ്പും ചിലർ തയ്യാറാക്കി വച്ചിരുന്നു. അവർ ആർക്കെതിരായിട്ടാണ് ഇത് ചെയ്തതെന്ന് എനിക്കറിയില്ല. ഏതായാലും ആ കുരുക്കുകളൊക്കെ ഞാൻ അഴിച്ചു. ഇപ്പോൾ കൃഷിക്കാർക്കൊന്നും യാതൊരു പ്രശ്നവുമില്ല. എല്ലാ പ്രശ്നങ്ങളും കഴിയുന്നതും വേഗം പരിഹരിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റു എടുത്തിട്ടുണ്ട്.

(6) മീനച്ചിലാറിന് കുറുകെയുള്ള പാലാ വലിയ പാലത്തിന്റെ വീതി കൂട്ടൽ

ശ്രീ .കെ .എം. മാണി : മീനച്ചിൽ നദിക്കു കുറുകെ പാലാ നഗരത്തിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന വലിയ പാലം നിർമ്മിച്ചിട്ട് 50 വർഷത്തിലേറെയായി. ഈ അടുത്ത കാലത്ത് വാഹനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിരിക്കുന്നത് മൂലം ഗതാഗതത്തിന് ഇപ്പോൾ അത് ഗുണകരമല്ല. ആ പാലം വീതി കൂട്ടി ഇരട്ടിപ്പിക്കുന്നതിനു വേണ്ടി 1996-97-ലെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ കൊള്ളിക്കുകയുണ്ടായി. ഈ പാലത്തെ സംബന്ധിച്ചിടത്തോളം ഏതു നിലയിൽ വേണമെങ്കിലും ഇരട്ടിപ്പിക്കാം. ഒന്നുകിൽ ഇപ്പോഴത്തെ വീതി ഇരട്ടിയാക്കാം. അതല്ലെങ്കിൽ അതിനടുത്ത് വേറൊരു പാലം കൂടി പണിതുകൊണ്ടു പാലാ പാലം ഇരട്ടിപ്പിക്കാം. ഞാൻ 25-3-1997ൽ ഇതേ വിഷയത്തിന് ഈ നിയമസഭയിൽ സബ്മിഷൻ ഉന്നയിച്ചതാണ്. അതിന്റെ പണി ഇതുവരെ തുടങ്ങാത്തതു കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly